**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 457** **10-02-2025 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ റീ- ഇംപേഴ്‌സ്‌മെൻറ് അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും എത്ര മെഡിക്കൽ റീ-ഇംപേഴ്‌സ്‌മെന്റ് അപേക്ഷകളാണ് തീർപ്പാക്കാൻ ധന വകുപ്പിന്റെ പക്കലുള്ളതെന്ന് വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; പ്രസ്തുത അപേക്ഷകളിൽ ഉൾപ്പെട്ട തുക എത്രയാണ്; അപേക്ഷകൾ തീർപ്പാക്കുന്നതിന് മുൻഗണനാക്രമം ഉണ്ടോയെന്ന് വ്യക്തമാക്കാമോ? | (എ) | ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി അയച്ചിട്ടുള്ള **266** ഫയലുകൾ നിലവിൽ വകുപ്പിന്റെ പരിഗണനയിലുണ്ട്. പ്രസ്തുത ഫയലുകളുടെ വകുപ്പ് തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. ഭരണവകുപ്പ് ഫയലുകളിലെ അപേക്ഷകളിൽ ഉൾപ്പെട്ടിരിക്കുന്നത് ഏകദേശം 46637415/- രൂപയാണ്. ഈ അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി ധനകാര്യവകുപ്പിന്റെ അംഗീകാരത്തോടെ ഭരണവകുപ്പുകൾ അനുമതി ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ മാത്രമേ ഈ അപേക്ഷകളിൽ അനുവദനീയമായ അന്തിമ തുക എത്രയെന്ന് വ്യക്തമാകുകയുള്ളൂ. ഫയലുകൾ ധനകാര്യവകുപ്പിൽ ലഭിക്കുന്ന മുൻഗണന അനുസരിച്ചാണ് അപേക്ഷകൾ പരിശോധിച്ച് അനുമതിക്കായി സമർപ്പിക്കുന്നത്. എന്നാൽ പ്രത്യേക പരിഗണന അർഹിക്കുന്ന പലിശരഹിത മെഡിക്കൽ വായ്പക്കുള്ള അപേക്ഷകൾ, അവയവമാറ്റ ശസ്ത്രക്രിയ നടത്തിയ കേസുകൾ, മരണപ്പെട്ട ജീവനക്കാരുടെ അപേക്ഷകൾ, മറ്റ് പ്രത്യേക പരിഗണന അർഹിക്കുന്ന കേസുകൾ എന്നിവക്ക് സാധ്യമാകുന്നിടത്തോളം മുൻഗണന നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വകുപ്പ് | MR ഫയലുകളുടെ എണ്ണം | അപേക്ഷകളിലെ തുക |
|---|---|---|
| 1.സഹകരണ വകുപ്പ് | 1 | 143612/ |
| 2. ആരോഗ്യ വകുപ്പ് | 40 | 5959928/- |
| 3. ജലവിഭവ വകുപ്പ് | 5 | 458587/- |
| 4.പൊതുമരാമത്ത് വകുപ്പ് | 6 | 1048214/ |
| 5.റവന്യൂ | 4 | 2433837/- |
| 6. ആയുഷ് വകുപ്പ് | 8 | 1754516/- |
| 7. കൃഷി വകുപ്പ് | 2 | 134586/ |
| 8. ലേബർ വകുപ്പ് | 2 | 103112/- |
| 9.. വനം വകുപ്പ് | 1 | 1058612/- |
| 10 പൊതു ഭരണ അക്കൗണ്ട്സ് വകുപ്പ് | 4 | 8,25,000/ |
| 11 ലോക്കൽ ഫണ്ട് | 4 | 182500/- |
| 12.വിനോദ സഞ്ചാര വകുപ്പ് | 2 | 565618/- |
| 13.ആഭ്യന്തര വകുപ്പ് | 56 | 1,10,88,000/- |
| 14. നിയമസഭ | 3 | 6,00,000/- |
| 15 പൊതുവിദ്യാഭ്യാസ വകുപ്പ് | 11/ | 19,713,440/- |
| 16 ഉന്നത വിദ്യാഭ്യാസം | 11 | 5,87,853/ |
| **ആകെ** | **266** | **4,66,37,415/-** |